പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3720 — 20/06/2019-ൽ മറുപടിയ്ക്ക്

# പോക്സോ കേസിലെ പ്രതികളുടെ അഭിഭാഷകനെ ജില്ലാ ശിശുക്ഷേമസമിതി ചെയർമാനായി നിയമിച്ച നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഷാഫി പറമ്പിൽ | കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത ശിശു വികസനവും വകുപ്പ് മന്ത്രി) |
| (എ) വാളയാറിൽ പീഡനത്തെതുടർന്ന് പ്രായപൂർത്തിയാകാത്ത രണ്ട് പെൺകുട്ടികൾ ആത്മഹത്യ ചെയ്ത കേസിലെ പ്രതികൾക്കായി പാലക്കാട് ജില്ല ചൈൽഡ് വെൽഫെയർ കമ്മിറ്റി ചെയർമാൻ അഡ്വക്കേറ്റ് എൻ. രാജേഷ് കോടതിയിൽ ഹാജരായി എന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) ഈ കേസിലെ പ്രതി പ്രദീപ്കുമാറിന് വേണ്ടി വക്കാലത്ത് ഉള്ള അഡ്വ. എൻ. രാജേഷിനെ പാലക്കാട് ജില്ലാ ശിശുക്ഷേമസമിതി ചെയർമാനായി നിയമിച്ചത് ഏത് സാഹചര്യത്തിലാണ്; | (ബി) അഡ്വക്കേറ്റ് എൻ.രാജേഷ് ചൈൽഡ് വെൽഫെയർ കമ്മിറ്റിയിലേയ്ക്ക് സമർപ്പിച്ച അപേക്ഷയിൽ മനുഷ്യാവകാശങ്ങളോ, കുട്ടികളുടെ അവകാശങ്ങളോ ലംഘിച്ചിട്ടില്ലെന്നും, സദാചാര വിരുദ്ധമായ കുറ്റകൃത്യങ്ങളിൽ ശിക്ഷിക്കപ്പെട്ടിട്ടില്ലെന്നും, കേന്ദ്ര - സംസ്ഥാന സർക്കാർ സേവനത്തിൽ നിന്നോ, കേന്ദ്ര -സംസ്ഥാനസർക്കാരുകളുടെ ഉടമസ്ഥതയിലോ നിയന്ത്രണത്തിലോ ഉള്ള സ്ഥാപനങ്ങൾ, കോർപ്പറേഷനുകൾ എന്നിവിടങ്ങളിൽ നിന്നോ ഒഴിവാക്കുകയോ, പിരിച്ചു വിടുകയോ ചെയ്യപ്പെട്ട വ്യക്തിയല്ലെന്നും, കുട്ടികൾക്കെതിരെ അതിക്രമങ്ങൾ നടത്തുകയോ, കുട്ടികളെക്കൊണ്ട് ബാലവേല ചെയ്യിക്കുകയോ, മനുഷ്യാവകാശ ലംഘനങ്ങൾ, സദാചാര വിരുദ്ധപ്രവർത്തനങ്ങൾ എന്നിവയിൽ ഏർപ്പെടുകയോ ചെയ്തിട്ടില്ലായെന്നും സത്യവാങ്മൂലം നൽകിയിരുന്നു. ആയതിന്റെ |

| | |
|---|---|
| | അടിസ്ഥാനത്തിൽ ഇന്റർവ്യൂവിന് ക്ഷണിക്കുകയും ഇന്റർവ്യൂവിന് ലഭ്യമായ മാർക്കിന്റെ അടിസ്ഥാനത്തിൽ ചെയർമാൻ സ്ഥാനം നൽകുകയും ചെയ്തു. |
| (സി) പോക്സോ കേസിലെ പ്രതികളുടെ വക്കാലത്ത് ഏറ്റെടുത്ത വ്യക്തിയെ ശിശുക്ഷേമ സമിതിയുടെ അദ്ധ്യക്ഷനായി നിയമിച്ച നടപടി പുനഃപരിശോധിക്കുമോ? | (സി) ഇക്കാര്യത്തിൽ അന്വേഷണം നടത്തിവരുന്നു. |

**സെക്ഷൻ ഓഫീസർ**